പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4325

27/06/2013-ൽ
മറുപടിയ്ക്ക്

വികലാംഗരായ ഉദ്യോഗാർത്ഥികളുടെ നിയമന യോഗ്യത

**ചോദ്യം**
ശ്രീ. റ്റി.വി.രാജേഷ് :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യു.ജി.സി നടത്തുന്ന നെറ്റ് പരീക്ഷക്ക് അപേക്ഷിക്കാൻ വികലാംഗരായ അപേക്ഷകർക്ക് 50% മാർക്ക് മതിയെന്നിരിക്കെ പി.എസ്.സി ലക്ചറർ പരീക്ഷക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ 55% മാർക്ക് വേണമെന്ന നിബന്ധന കാരണം പല വികലാംഗരായ നെറ്റ് പാസ്സായ ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാൻ സാധിച്ചിട്ടില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം സംഭവിച്ചത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ തസ്തികകൾക്കായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ടി തസ്തികകളുടെ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരമാണ്. ടി സ്പെഷ്യൽ റൂളിലോ അനുബന്ധ ഭേദഗതികളിലോ വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് ലക്ചറർ തസ്തികകളിൽ അപേക്ഷിക്കുന്നതിന് മാസ്റ്റർ ബിരുദത്തിന് 50% മാർക്ക് മതി എന്ന് നിഷ്കർഷിച്ചിട്ടില്ല. |
| (സി) | യു.ജി.സി നടത്തുന്ന നെറ്റ് പരീക്ഷ പാസായ വികലാംഗരായ ഉദ്യോഗാർത്ഥികളിൽ 50% മാർക്ക് ലഭിച്ചവർക്കും പി.എസ്.സി അപേക്ഷ ക്ഷണിക്കുന്ന ലക്ചറർ തസ്തികകളിലേക്ക് അപേക്ഷിക്കാൻ ആവശ്യമായ നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നല്കുമോ ? | (സി) | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ